4094950-2025

# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## രാമമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

Deta...

പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നില്ലെങ്കിൽ പൊതുമരാമത്ത് മാനവലിൽ അനുശാസിക്കുന്ന വിധം കാലതാമസം വരുത്തിയതിന് ഫൈൻ ഈടാക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള വർക്കുകളിൽ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടതിനുള്ള കാരണമോ കാലാവധി ദീർഘിപ്പിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയതായോ നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയതായോ ഫയലിൽ കാണുന്നില്ല.

| ക്രമ നമ്പർ | പ്രൊജക്ട് | കരാറുകാരൻ | എഗ്രിമെന്റ് നം. | പി.എ.സി. (₹) | സൈറ്റ് കൈമാറിയ തിയതി | പൂർത്തീകരണ കാലാവധി |
|---|---|---|---|---|---|---|
| 1. | So215/24 കോഴിപ്പിള്ളിത്താഴം മാമ്പിള്ളിത്താഴം റോഡ് മെയിന്റനൻസ് | പി. സി ജോർജ് | 31/AE/LID-EW/23-24 Dt.13.11.23 | 244167 | 23.11.23 | 01-07-24 |
| 2 | So233/24 പെരുവം മൂഴി മുതിരാമറ്റം റോഡ് മെയിന്റനൻസ് | കെ.ജോൺ | 41/AE/LID-EW/23-24 Dt.12.2.24 | 97753 | 19.2.24 | 28.11.24 |
| 3 | S0134/24 ഭണ്ഡാരപ്പടി നന്ത്യേടത്തുതാഴം പമ്പ് ഹൗസ് റോഡ് മെയിന്റനൻസ് | പി. സി ജോർജ് | 13/AE/LID-EW/23-24 Dt.07.10.23 | 1355350 | 17.10.23 | 09.03.25 |

1) 13.11.23 -ൽ ചമച്ച കരാർ പ്രകാരം ക്രമ നമ്പർ 1 ലെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6 മാസത്തെ കാലാവധിയാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 22.05.24 -നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 01.07.24-ലാണ്. ഈ പ്രവർത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസത്തിന് ഈടാക്കേണ്ട ഫൈൻ (₹244167 X 1%) = ₹2442/-. രൂപയാണ്.

(2) 12.02.24 -ൽ ചമച്ച കരാർ പ്രകാരം ക്രമ നമ്പർ 2 ലെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6 മാസത്തെ കാലാവധിയാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 11.08.24നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 28.11.24-ലാണ്. ഈ പ്രവർത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസത്തിന് ഈടാക്കേണ്ട ഫൈൻ (₹97753 X 1%) = ₹978/- രൂപയാണ്.

(3) 07.10.23 -ൽ ചമച്ച കരാർ പ്രകാരം ക്രമ നമ്പർ 2 ലെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6 മാസത്തെ കാലാവധിയാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 06.04.24നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 09.03.25-ലാണ്. ഈ പ്രവർത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസത്തിന് ഈടാക്കേണ്ട ഫൈൻ (₹1355350 X 1%) = ₹13553/- രൂപയാണ്.

മൊത്തം ഫൈൻ തുക ₹16973/- (₹2442 + ₹978 + ₹13553) രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ നിന്നോ ഈടാക്കേണ്ടതാണ്.

## 1-22 പേവിഷബാധ നിയന്ത്രണം-അപാകത

| | |
|---|---|
| പ്രോജക്ട് നം. | എസ്.0033/25 |
| പ്രോജക്ടിന്റെ പേര് | പേവിഷബാധ നിയന്ത്രണം |
| അടങ്കൽ | ₹40000/- വികസനഫണ്ട് (ജനറൽ) |

| | |
|---|---|
| ചെലവ് വിവരം | ₹10500/- വികസനഫണ്ട് (ജനറൽ)<br>BRN - 24120352099601504686 Dtd 12/03/2025 , ₹9000/-<br>BRN - 24120352099601617179 Dtd 21/03/2025, ₹1500/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്ററിനറി സർജൻ, രാമമംഗലം ഗ്രാമപഞ്ചായത്ത്. | |

പേവിഷ ബാധ പ്രതിരോധ കുത്തിവെപ്പ് രജിസ്റ്റർ പരിശോധിച്ചതിൽ 106 നായ്ക്കൾക്ക് കുത്തിവയ്പ് നൽകിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് വർഷം ₹2350/- ലൈസൻസ് ഇനത്തിൽ വരവുണ്ട്. ഒരു നായയ്ക്ക് ലൈസൻസ് ഫീ ഇനത്തിൽ പഞ്ചായത്തിലേക്ക് അടവാക്കേണ്ട ₹50/- ആണെന്നിരിക്കേ കുത്തിവെപ്പ് എടുത്തിട്ടുള്ള എല്ലാ നായകൾക്കും ലൈസൻസ് എടുത്തിട്ടില്ലെന്നത് വ്യക്തമാണ്.

ലൈസൻസ് ഫീ ഇനത്തിൽ പഞ്ചായത്തിലേക്ക് ലഭിക്കേണ്ട തനത് വരുമാനം പൂർണ്ണമായും ലഭ്യമാക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

C2 NREW

## 1-23 MGNREGS മെറ്റീരിയൽ പർച്ചേസ്- സ്രോതസ്സിൽ നിന്നും ടി.ഡി.എസ്. ഈടാക്കി ജി എസ് ടി വകുപ്പിലേക്ക് അടവാക്കിയില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യു വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്.

എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ കണ്ടങ്കാവ് മെതിപ്പാറ റോഡ് കോൺക്രീറ്റിംഗ് വാർഡ് 5 (M-Book No.1/24-25, മെറ്റീരിയൽ തുക – ₹388524.17), എന്ന MGNREGS മെറ്റീരിയൽ പ്രവൃത്തികൾക്കായി സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ GST രേഖപ്പെടുത്തിയ ബില്ലുകൾ നൽകിയിട്ടുണ്ട്. കരാറുകാരിൽ നിന്നും താഴെ പറയും പ്രകാരം ചരക്ക് സേവന നികുതി 2% (1% CGST +1% SGST) ടി ഡി എസ് ഈടാക്കിയതായോ സർക്കാരിലേക്ക് അടവാക്കിയതായോ കാണുന്നില്ല.

(₹388524.17 – ₹79895.46 = ₹308628.71)

(₹308628.71 * 2% = ₹6173/-)

2.5 ലക്ഷത്തിൽ അധികരിച്ച വരുന്ന കോൺട്രാക്ടുകളിൽ നിന്ന് സോഴ്സിൽ തന്നെ 2% കുറവ് ചെയ്ത് അടവാക്കാൻ നിർവ്വഹണദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ്. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/20-06-25 ന് തൃപ്തികരമായ മറുപടി ലഭിച്ചില്ല. പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ നിയമാനുസൃത കിഴിവുകൾ നടത്തി. ആതത് ഹെഡുകളിലേക്ക് തുക അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

VEO

## 1-24 ലൈഫ്-ഭവനനിർമ്മാണം പൂർത്തികരിക്കാനവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് മുൻവർഷങ്ങളിൽ നടപ്പാക്കിയ ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെട്ട താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കി അടുത്ത ഗഡു ധനസഹായം കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | നാളിതുവരെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തിയതി | ബാക്കി ലഭിക്കാനുള്ള തുക |
|---|---|---|---|---|